# തിരുവനന്തപുരം നഗരസഭ

# എന്റെ നഗരം
## ന്യൂസ് ലെറ്റർ

Volume: 01/Issue : 02

2023 ഫെബ്രുവരി









തിരുവനന്തപുരം നഗരസഭ **'എന്റെ നഗരം'** ന്യൂസ് ലെറ്ററിന്റെ രണ്ടാം ലക്കം പുറത്തിറക്കുന്നതോടൊപ്പം ന്യൂസ് ലെറ്ററിന്റെ ആദ്യ ലക്കത്തിന് നിങ്ങൾ നൽകിയ പ്രോത്സാഹനത്തിന് നഗരസഭയുടെ നന്ദി അറിയിക്കുന്നു. നഗരസഭയുടെ വികസന നേട്ടങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നത് മാത്രമല്ല നമ്മുടെ നാടിന്റെ വികസന ആവശ്യങ്ങൾ കൂടുതൽ നന്നായി മനസ്സിലാക്കുന്നതിന് ഈ ന്യൂസ് ലെറ്ററിലൂടെ കഴിയും എന്നാണ് പ്രതീക്ഷ. ജനകീയമായി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് 2023 – 24 വാർഷിക ബജറ്റിലെ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പൊതുജനങ്ങൾക്കായി നഗരസഭാ അവസരം ഒരുക്കിയിട്ടുണ്ട്. നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നഗരസഭയുടെ വെബ്സൈറ്റ് വഴി അറിയിക്കാവുന്നതാണ്. കൂടാതെ കായിക മേഖലയുടെ സമഗ്രമായ വളർച്ച ലക്ഷ്യമിട്ട് ഫെബ്രുവരി മാസം 16 മുതൽ 24 വരെ ബീച്ച് ഗെയിംസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതൊരു വൻവിജയമാക്കി തീർക്കുന്നതിന് എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. 2023 ജനുവരി മാസത്തിലെ പ്രധാന വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ രണ്ടാം ലക്കം ന്യൂസ് ലെറ്റർ നിങ്ങൾക്കായി സമർപ്പിക്കുന്നു.



ആര്യ രാജേന്ദ്രൻ.എസ്
മേയർ, തിരുവനന്തപുരം നഗരസഭ

## നഗരഭാ ന്യൂസ്‌ലെറ്ററിന്റെ ആദ്യലക്കം പുറത്തിറങ്ങി



# നിയമസഭ സമിതി മുട്ടത്തറ എസ്.റ്റി.പി. പ്ലാന്റ് സന്ദർശിച്ചു

കേരള നിയമസഭ സമിതിയും കക്ഷിനേതാക്കളും തിരുവനന്തപുരം നഗരസഭയ്ക്ക് കീഴിലുള്ള മുട്ടത്തറ എസ്.റ്റി.പി. പ്ലാന്റ് സന്ദർശിച്ചു. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി.രാജേഷിന്റെ താല്പര്യ പ്രകാരം സംഘടിപ്പിച്ച ചടങ്ങിൽ എം.എൽ.എ മാർ, മേയർ, വിവിധ രാഷ്ട്രീയ കക്ഷിനേതാക്കൾ എന്നിവർ പങ്കെടുത്തു.

നഗരസഭയുടെ കീഴിൽ നിലവിലുള്ള പ്ലാന്റിന് 107 എം.എൽ.ഡി കപ്പാസിറ്റി ഉണ്ട്. ആയത് നഗരസഭ പദ്ധതിപ്രകാരം കമ്മീഷൻ ചെയ്തതാണ് (20.11.2013). പദ്ധതി ചെലവ് 71 കോടി രൂപയാണ്. നിലവിൽ 60/70 എം.എൽ.ഡി സ്വിവറേജ് ആണ് ദിവസവും പ്ലാന്റിൽ കൈകാര്യം ചെയ്തു വരുന്നത്. Extended Airation Active Sludge Process എന്ന ടെക്നോളജിയാണ് പ്ലാന്റിൽ ഉപയോഗിക്കുന്നത്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത പ്ലാന്റിന്റെ സാങ്കേതിക പരിപാലനവും നിർവ്വഹണവും നടത്തുന്നത് കേരള വാട്ടർ അതോറിറ്റിയുടെ സ്വീവറേജ് ഡിവിഷനാണ്. പരിപാലനത്തിനായി നഗരസഭ വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കമ്മീഷൻ ചെയ്ത വർഷം മുതൽ അഞ്ച് വർഷം പദ്ധതി നിർവ്വഹണ ഏജൻസിയുമായി പരിപാലനത്തിനായി കരാർ ഉണ്ടായിരുന്നു. അതിനുശേഷം പ്രത്യേകം ടെണ്ടർ എടുത്ത് പരിപാലനം നിർവ്വഹിച്ചു വരുന്നു.

ഒരു വർഷം ശരാശരി 11.60 കോടി രൂപ പരിപാലനത്തിനായി വേണ്ടിവരുന്നു. പ്ലാന്റിന്റെ പരിപാലനത്തിനായി 2.4 കോടി രൂപയും, വൈദ്യുതി ചിലവിനത്തിൽ 2.5 കോടി രൂപയും, 2022 വർഷത്തിൽ ചിലവായിട്ടുണ്ട്. സ്വിവറേജ് നെറ്റ്വർക്കിന്റെ ഓപ്പറേഷൻ ചെലവിനത്തിൽ 4.6 കോടി രൂപയും, ഇലക്ട്രിസിറ്റി ചെലവിനത്തിൽ 2.1 കോടിരൂപയും ചെലവ് വന്നിട്ടുണ്ട്. കുടിവെള്ള കണക്ഷനുകളിൽ കൂടി ലഭിക്കുന്ന സ്വീവർ സെസ് ആണ് ഇതിന്റെ പ്രധാന വരുമാന മാർഗ്ഗം. കുടിവെള്ള ചാർജ്ജിന്റെ 10% എന്ന നിരക്കിൽ ഈ ഇനത്തിൽ 2.4 കോടി രൂപ ലഭിക്കുന്നുണ്ട്. ബാക്കിവരുന്ന തുക (9.2 കോടിരൂപ) പ്രതിവർഷം പ്ലാന്റിന്റെ പരിപാലനത്തിനായി നഗരസഭ ചിലവഴിക്കുന്നു.

പ്രസ്തുത ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം സമീപവാസികൾക്ക് യാതൊരു പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകാത്തതും അവരുടെ ജീവിതത്തെ അലോസരപ്പെടുത്തുന്ന ഗന്ധമോ മറ്റ് വിഷയങ്ങളോ ഉണ്ടാകാത്തതുമാണ്. നിലവിൽ പ്ലാന്റ് സ്ഥിതി ചെയ്യുന്നത് 32 ഏക്കർ ഭൂമിയിലാണ്. ഒരു വീട്ടിൽ ഉപയോഗിക്കുന്ന ജലത്തിന്റെ 80% ഉപയോഗശേഷം ഇത്തരത്തിൽ വേസ്റ്റ് വാട്ടർ ആയി വരുന്നു. തിരുവനന്തപുരം നഗരത്തിന്റെ ഭൂപ്രദേശം ചരിഞ്ഞതായതിനാൽ പമ്പിങ് സ്റ്റേഷനുകൾ ആവശ്യമാണ്. നിലവിൽ 4 മെയിൻ പമ്പിങ് സ്റ്റേഷനും 5 ലിഫ്റ്റിംഗ് സ്റ്റേഷനുമുണ്ട്.

നഗരസഭയുടെ മറ്റ് വാർഡുകളിൽ സെപ്റ്റേജ് മാലിന്യം ശേഖരിക്കുന്നതിനുള്ള പദ്ധതികൾ സോണൽ അടിസ്ഥാനത്തിൽ നടന്നുവരികയാണ്. 2027 ഓടുകൂടി നഗരത്തിലെ എല്ലാ വാർഡുകളിലും സെപ്റ്റേജ് നെറ്റ്വർക്ക് ലഭ്യമാക്കുന്നതിനും അതുവഴി മുഴുവൻ മാലിന്യങ്ങളും ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുള്ള പദ്ധതിയാണ് നഗരസഭ ആവിഷ്കരിച്ചിരിക്കുന്നത്. ഇതിൽ നിന്ന് ഉണ്ടാകുന്ന മലിനജലം അടുത്ത ഒരുഘട്ടം ട്രീറ്റ്മെന്റ് കൂടി നടത്തി ആയത് നിർമ്മാണ പ്രവർത്തനത്തിനും, ചെടികൾ നനയ്ക്കുന്നതിനുള്ള ജലസേചന പ്രവർത്തനത്തിനുമായി ഉപയോഗിക്കാവുന്നതാണ്. ആയതിനുള്ള പദ്ധതി അന്തിമ ഘട്ടത്തിലാണ്. കൂടാതെ ഇതിൽ നിന്ന് ഉണ്ടാകുന്ന സ്ലറി ഉണക്കി ആയത് ഇന്ധനമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. വൈദ്യുതി ഉപയോഗം കുറയ്ക്കാനായി സോളാർ പാനൽ സ്ഥാപിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ANERT നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.



തിരുവനന്തപുരം നഗരസഭയിൽ 43 വാർഡുകളിലാണ് ഭാഗികമായോ പൂർണ്ണമായോ സെപ്റ്റേജ് മാലിന്യ സംവിധാനം ഉള്ളത്. സെപ്റ്റേജ് മാലിന്യം ശേഖരിക്കുന്നതിനായി നഗരസഭ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുണ്ട്.

## കുന്നുകുഴി പച്ചത്തുരുത്ത് നിർമ്മാണോദ്ഘാടനം

നഗരസഭ വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി ലോ കാർബൺ അനന്തപുരി പദ്ധതിയുടെ ഭാഗമായി കുന്നുകുഴി വാർഡിൽ നടപ്പിലാക്കുന്ന പച്ചത്തുരുത്ത് നിർമ്മാണോദ്ഘാടനം സംഘടിപ്പിച്ചു. പച്ചത്തുരുത്ത് നിർമ്മാണോദ്ഘാടനം 2023 ജനുവരി 14 ശനിയാഴ്ച കുന്നുകുഴി ബാർട്ടൺഹിൽ പാർക്കിൽ വെച്ച് ബഹു. ഡെപ്യൂട്ടി മേയർ ശ്രീ. പി. കെ. രാജു അദ്ധ്യക്ഷനായ ചടങ്ങിൽ ബഹു.മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു.



## വട്ടിയൂർക്കാവ് പബ്ലിക് കംഫർട്ട് സ്റ്റേഷൻ



തിരുവനന്തപുരം നഗരസഭ വട്ടിയൂർക്കാവ് മാർക്കറ്റിൽ നിർമ്മാണം പൂർത്തീയാക്കിയ പബ്ലിക് കംഫർട്ട് സ്റ്റേഷൻ നാടിന് സമർപ്പിച്ചു. നിർമ്മാണം പൂർത്തീകരിച്ച കംഫർട്ട് സ്റ്റേഷന്റെ ഉദ്ഘാടനം 2023 ജനുവരി 20 വെള്ളിയാഴ്ച ബഹു. ഡെപ്യൂട്ടി മേയർ പി.കെ.രാജുവിന്റെ അദ്ധ്യക്ഷതയിൽ ബഹു. മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു. നിലവിലെ നഗരസഭ കൗൺസിൽ രണ്ട് വർഷം പൂർത്തിയാകുന്ന ഈ വേളയിൽ പ്രഖ്യാപിതമായ ഒരു പദ്ധതി കൂടി ഇവിടെ യാഥാർത്ഥ്യമായി.

## 'നന്മ'–സ്കോളർഷിപ്പ് പദ്ധതി

തിരുവനന്തപുരം നഗരസഭയുടെ ജന ക്ഷേമ പ്രവർത്തനങ്ങളിൽ ഒന്നായ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി – നന്മയുടെ ഭാഗ മായി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണപദ്ധതിയുടെ ഉദ്ഘാടനം 2023 ജനുവരി 23 ന് പുത്തരിക്കണ്ടം മൈതാനി യിൽ വച്ച് ബഹു. ഉന്നതവിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു നിർവ്വഹിച്ചു. ബഹു. മേയർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹു. ഗതാഗതവകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു മുഖ്യാതിഥിയായി പങ്കെടുത്തു. പദ്ധതിയുടെ ഭാഗമായി 2000 – ഓളം കുട്ടികൾക്കാണ് ഈ വർഷം സ്കോളർ ഷിപ്പ് വിതരണം ചെയ്യുന്നത്. ഇത്തരത്തി ലുള്ള പ്രവർത്തനങ്ങൾ മികച്ച ഭിന്നശേഷി സൗഹൃദ നഗരസഭയായി തിരുവനന്തപുരത്തെ തിരഞ്ഞെടുക്കുന്നതിനും കാരണമായി.








## പൂലൈക്കോണം ചിറ നവീകരണം








തിരുവനന്തപുരം നഗരസഭ കാട്ടായി ക്കോണം വാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ പൂലൈക്കോണം ചിറ നവീകരണം എന്ന പദ്ധതി നാടിന് സമർപ്പിച്ചു. കാട്ടായിക്കോണം വാർഡിലെ പൂലൈക്കോണം ചിറ 40 ലക്ഷം രൂപ ചെലവഴിച്ച് കുട്ടികളുടെ പാർക്ക്, ഹാന്റ് റെയിൽ, വാക്‌വേ, നീന്തൽക്കുളം എന്നിവ ഉൾപ്പെടുത്തിയാണ് നവീകരി ച്ചിട്ടുള്ളത്. പദ്ധതിയുടെ ഉദ്ഘാടനം 2023 ജനുവരി 24 ന് ബഹു. മേയർ ആര്യ രാജേന്ദ്രൻ.എസ് ന്റെ അദ്ധ്യക്ഷതയിൽ ബഹു. ജല വിഭവവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഉദ്ഘാടനം നിർവ്വഹിച്ചു. ബഹു. എം.എൽ.എ ശ്രീ. കടകംപള്ളി സുരേന്ദ്രൻ മുഖ്യാതിഥി യായി പങ്കെടുത്തു.

## 'സമാനത' -വിദേശഭാഷാ പരിജ്ഞാനം



തിരുവനന്തപുരം നഗരസഭയുടെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെ ടുത്തി നടപ്പിലാക്കുന്ന 'സമാനത' വിദേശ ഭാഷാ പരിജ്ഞാനം പാഠ്യപദ്ധതിയുടെ നഗരസഭാതല ഉദ്ഘാടനം 2023 ജനുവരി 25 ബുധനാഴ്ച ബഹു.ഡെപ്യൂട്ടി മേയർ ശ്രീ.പി.കെ.രാജു നിർവ്വഹിച്ചു. നഗരസഭ 2022-23 വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചി രുന്ന പുതുമയാർന്ന പദ്ധതിയാണ് 'സമാനത'. 100 വാർഡുകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന അങ്കണവാടി ടീച്ചർമാർക്കും മറ്റ് യുവതി- യുവാക്കൾ ക്കുമാണ് പരിശീലനം നൽകുന്നത്.

## 'സൗഹൃദം' -കൗമാരക്കാർക്കുള്ള വ്യക്തിത്വ വികസനം പഠനക്ലാസ്

തിരുവനന്തപുരം നഗരസഭയുടെ 2022 - 23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സൗഹൃദം കൗമാരക്കാർക്കുള്ള വ്യക്തിത്വ വികസനം പഠന ക്ലാസിന്റെ നഗരസഭാതല ഉദ്ഘാടനം 2023 ജനുവരി 27 വെള്ളിയാഴ്ച ബഹു.ഡെപ്യൂട്ടി മേയർ ശ്രീ.പി.കെ.രാജു നിർവ്വഹിച്ചു. നഗരസഭ 2022-23 വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'സൗഹൃദം' പദ്ധതിയിലൂടെ നഗരത്തിലെ കൗമാരക്കാർക്ക് വ്യക്തിത്വ വികസനത്തിനുള്ള പരിശീലന ക്ലാസ് നൽകുന്ന പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയാണ്. ആദ്യഘട്ടത്തിൽ ഒരു അർബൻ സി.ഡി.എസ് ൽ നിന്നും 40 കൗമാര പ്രായത്തിലുള്ളവർ എന്ന കണക്കിൽ 160 പേർക്ക് ക്ലാസ് നൽകുന്നു.



## പൗണ്ട്കടവ് സ്മാർട്ട് അങ്കണവാടി









പൗണ്ട്കടവ് വാർഡിലെ സ്മാർട്ട് അങ്കണവാടി നാടിന് സമർപ്പിച്ചു. പൗണ്ട്കടവ് വാർഡിലെ വലിയ വേളി ഗ്രൗണ്ടിന്റെ സമീപത്തുള്ള പുതിയ ബഹുനില മന്ദിരത്തിലാണ് സ്മാർട്ട് അങ്കണവാടി പൂർത്തിയായിട്ടുള്ളത്. കുട്ടികൾക്കുള്ള സ്റ്റഡി ടേബിൾ, പഠനോപകരണങ്ങൾ, ചിൽഡ്രൻസ് പാർക്ക് എന്നിവ ഉൾപ്പെടെയാണ് അങ്കണവാടി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം 2023 ജനുവരി 31 ബഹു. ഡെപ്യൂട്ടി മേയർ പി. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ ബഹു. മേയർ ആര്യ രാജേന്ദ്രൻ. എസ് നിർവ്വഹിച്ചു. ബഹു. എം. എൽ. എ ശ്രീ. കടകംപള്ളി സുരേന്ദ്രൻ മുഖ്യാതിഥിയായി പങ്കെടുത്തു.

## സംരംഭക ബോധവത്കരണ പരിപാടി



നഗരസഭാതല സംരംഭക ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. തിരുവനന്തപുരം നഗരസഭാ പരിധിയിലെ നവ സംരംഭകരെ സഹായിക്കുന്നതിനായി ഒരു സംരംഭകത്വ ബോധവൽക്കരണ പരിപാടി വ്യവസായ വാണിജ്യ വകുപ്പിന്റെയും, തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും തിരുവനന്തപുരം താലൂക്ക് വ്യവസായ ഓഫീസിന്റെയും ആഭിമുഖ്യത്തിൽ 11. 01. 2023 ബുധനാഴ്ച കൗൺസിൽ ലോഞ്ചിൽ വച്ച് രാവിലെ 10 മണിക്ക് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കുമാരി. ആതിര. എൽ.എസ് ഉദ്ഘാടനം നിർവ്വഹിച്ചു.

കേരള സർക്കാർ 2022-23 വർഷം സംരംഭക വർഷമായി പ്രഖ്യാപിക്കുകയും, ഈ കാലയളവിൽ ചുരുങ്ങിയത് ഒരുലക്ഷം സംരംഭങ്ങൾ പുതിയതായി ആരംഭിക്കയും ചെയ്തു. മറ്റു വകുപ്പുകളുടെ സഹകരണത്തോടുകൂടി വ്യവസായ വകുപ്പ് ലൈസൻസ്, രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ചും, നൂതന സംരംഭ സഹായപദ്ധതികൾ ആവിഷ്ക്കരിച്ചും നമ്മുടെ നാടിനെ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണ്

## ഗ്ലോബൽ എക്സ്പോ 2023 മികച്ച ഹരിത കർമ്മസേന അവാർഡ്

ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ എറണാകുളത്ത് സംഘടിപ്പിച്ച ഗ്ലോബർ എക്സ്പോ 2023 ഏറ്റവും മികച്ച ഹരിത കർമ്മസേന പ്രവർത്തന മികവിനുള്ള അവാർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് വേണ്ടി ഡെപ്യൂട്ടി മേയർ ശ്രീ. പി.കെ.രാജു, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ശ്രീമതി. പി.ജമീല ശ്രീധരൻ, ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ, ഹരിത കർമ്മ സേനാംഗങ്ങൾ എന്നിവർ ചേർന്ന് വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിൽ നിന്ന് ഏറ്റുവാങ്ങി.

99 വാർഡുകളിലും ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതും മാലിന്യ സംസ്കരണത്തിലെ മികവിനുമാണ് നഗരസഭയ്ക്ക് ഈ അവാർഡ് ലഭിച്ചത്.










## അർദ്ധദിന ശില്പശാല

'ഒരു തദ്ദേശഭരണ സ്ഥാപനം ഒരു ആശയം' പരിശീലന പരിപാടി സംഘടിപ്പിച്ചു. തിരുവനന്തപുരം നഗരസഭയും കിലയും കെ-ഡിസ്കും സംയുക്തമായി 'ഒരു തദ്ദേശഭരണ സ്ഥാപനം ഒരു ആശയം' എന്ന വിഷയത്തിൽ 31. 01. 2023 ചൊവ്വാഴ്ച സത്യൻ മെമ്മോറിയൽ ഹാളിൽ അർദ്ധദിന ശില്പശാല സംഘടിപ്പിച്ചു. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീ. മേടയിൽ വിക്രമൻ അദ്ധ്യക്ഷനായ ചടങ്ങ് ബഹു. ഡെപ്യൂട്ടി മേയർ ശ്രീ. പി.കെ.രാജു ഉദ്ഘാടനം ചെയ്തു. ശില്പശാലയിൽ വാർഡ് കൗൺസിലർമാരും നിർവ്വഹണ ഉദ്യോഗസ്ഥരും പങ്കെടുത്തു.



## ഞങ്ങളും കൃഷിയിലേക്ക്

ജനകീയാസൂത്രണം 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ലം കൃഷി ഭവൻ നടപ്പാക്കുന്ന 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പരിപാടി 2023 ജനുവരി 12-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ കുമാരി. ആതിര. എൽ.എസ് ഉദ്ഘാടനം നിർവ്വഹിച്ചു. സമഗ്ര കാർഷിക വികസന പദ്ധതിയുടെ ഭാഗമായി 200 ഏക്കർ പുരയിട കൃഷിയ്ക്ക് വേണ്ടി കിഴങ്ങുവർഗ്ഗ കിറ്റ്, പച്ചക്കറിത്തൈകൾ, വാഴവിത്ത്, ദീർഘകാല പച്ചക്കറിത്തൈ കൾ, ഫലവൃക്ഷങ്ങൾ എന്നിവ വിതരണം ചെയ്തു.

## ബീച്ച് കായികമേള സംഘടിപ്പിക്കുന്നു

തിരുവനന്തപുരം നഗരസഭയുടെ ആഭിമുഖ്യത്തിൽ ബീച്ച് കായികമേള 2023 ഫെബ്രുവരി 16 മുതൽ 24 വരെ ശംഖുമുഖത്ത് വെച്ച് സംഘടിപ്പിക്കുന്നു. മേളയുടെ ഭാഗമായി ബീച്ച് ഫുട്ബാൾ, ബീച്ച് വോളിബാൾ എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടക്കും. മത്സരങ്ങൾ ഫ്ളെഡ് ലൈറ്റ് സൗകര്യത്തോടെയാണ് നടക്കുന്നത്. മത്സരത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന ടീമുകൾ നഗരസഭ വിദ്യാഭ്യാസകായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 13.02.2023 തിങ്കളാഴ്ച വൈകുന്നേരം 5 മണിവരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫുട്ബാളിൽ 5 കളിക്കാരും 5 സബ്സ്റ്റിറ്റ്യൂട്ടും ഉൾപ്പെടെ 10 പേരുടെ ടീമിനും, വോളിബാൾ മത്സരത്തിൽ 6 കളിക്കാരും 6 സബ്സ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ 12 പേർ ഉൾപ്പെടുന്ന ടീമുകൾക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്.



## 2023 – 24 വാർഷിക ബജറ്റ്

2023- 24 വാർഷിക ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിലെ വിഷയ വിദഗ്ധരിൽ നിന്ന് അഭിപ്രായവും നിർദ്ദേശങ്ങളും ലഭിക്കുന്നതിന് മേയറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ഡെപ്യൂട്ടി മേയർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, ആസൂത്രണ ബോർഡ് മുൻ അംഗം ശ്രീ. ജി. വിജയരാഘവൻ, ആസൂത്രണ ബോർഡ് കൃഷി വിഭാഗം ചീഫ് ശ്രീ. എസ്.എസ്.നാഗേഷ്, നഗരസഭാ ആസൂത്രണ വൈസ് ചെയർമാൻ ശ്രീ. കെ.രവീന്ദ്രൻ നായർ, വിവിധ മേഖലകളിലെ വിഷയ വിദഗ്ധർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. നഗരസഭയുടെ വെബ് സൈറ്റ് മുഖേന വാർഷിക ബജറ്റിലേക്ക് നൂതനമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നിർദ്ദേശിക്കാവുന്നതാണ്.



## ഫെഡറൽ ബാങ്ക് സി എസ് ആർ പദ്ധതി വാഹനത്തിന്റെ ഫ്ളാഗ് ഓഫ്




ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ ഫൗണ്ടേഷൻ നടപ്പിലാക്കുന്ന സി എസ് ആർ പദ്ധതികളുടെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിലെ തണൽ സാന്ത്വന ചികിത്സാ രോഗി പരിചരണത്തിനും മറ്റു വിവിധ ആരോഗ്യ സേവന ആവശ്യങ്ങൾക്കുമായി അനുവദിച്ച 17 സീറ്റർ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ചടങ്ങ് ബഹു. മേയർ ആര്യ രാജേന്ദ്രൻ.എസ് നിർവ്വഹിച്ചു. ഡെപ്യൂട്ടി മേയർ ശ്രീ. പി.കെ.രാജു സന്നിഹിതരായിരുന്നു. ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റും തിരുവനന്തപുരം റീജിയണൽ മേധാവിയുമായ ശ്രീമതി. നിഷ.കെ.ദാസ്, ഫെഡറൽ ബാങ്ക് ഗവൺമെന്റ് ബിസിനസ് സൗത്ത് ഹെഡ് ഗവൺമെന്റ് ബിസിനസ് സൗത്ത് ഹെഡ് ശ്രീമതി. കവിത. കെ. നായർ, പാളയം ബ്രാഞ്ച് പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## കാർഷിക ഗ്രോബാഗ് വിതരണ ഉദ്ഘാടനം

കേശവദാസപുരം വാർഡിൽ മട്ടുപ്പാവിൽ പച്ചക്കറി കൃഷി പദ്ധതി പ്രകാരം ഗ്രോ ബാഗ് മണ്ണും വളവും നിറച്ച് തൈ ഉൾപ്പെടെ സൗജന്യമായി വിതരണം ചെയ്തു. മേയർ ആര്യ രാജേന്ദ്രൻ വിതരണോദ്ഘാടനം നിർവ്വഹിച്ചു.
















**എഡിറ്റോറിയൽ കമ്മിറ്റി**

ചീഫ് എഡിറ്റർ : ആര്യ രാജേന്ദ്രൻ.എസ് (മേയർ)
എഡിറ്റർ : ബിനു ഫ്രാൻസിസ് (നഗരസഭ സെക്രട്ടറി)

**എഡിറ്റോറിയൽ കമ്മിറ്റി അംഗങ്ങൾ**

: ശ്രീ.പി.കെ.രാജു (ബഹു. ഡെപ്യൂട്ടി മേയർ)
: കുമാരി. ആതിര.എൽ.എസ് (ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ശ്രീ. എസ്.സലിം (ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ശ്രീമതി. പി.ജമീല ശ്രീധരൻ (ചെയർപേഴ്സൺ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ശ്രീ. മേടയിൽ വിക്രമൻ (ചെയർമാൻ, മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ശ്രീമതി. ജിഷ ജോൺ (ചെയർപേഴ്സൺ, നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി)
: ശ്രീമതി. സിന്ധു വിജയൻ (ചെയർപേഴ്സൺ, നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ഡോ. റീന.കെ.എസ് (ചെയർപേഴ്സൺ, വിദ്യാഭ്യാസ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)
: ഡോ.സി.അനിൽകുമാർ (പി.എ.ടു.മേയർ)

Designing & Printed at: RC Corporation of Thiruvananthapuram, Phone 2336864